(ബി) ഫിഷറീസ് വകുപ്പും മത്സ്യബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതി ബോർഡ് നേരിട്ടാണ് നടപ്പിലാക്കുന്നത്.

(സി) അർഹരായ മത്സ്യ/അനുബന്ധ തൊഴിലാളികൾ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ പദ്ധതി ധനസഹായം നൽകുന്നതാണ്.

തണൽ പദ്ധതിവഴിയുള്ള ക്ഷേമപ്രവർത്തനങ്ങൾ

104 (7667) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണൽ പദ്ധതിവഴി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതി മുഖേന നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട്, നാട്ടിക, തളിക്കുളം പഞ്ചായത്തുകളിലെ തീരദേശമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തണൽ പദ്ധതി പ്രകാരം ബയോമെട്രിക് കാർഡിന് അർഹരായ എല്ലാ മത്സ്യ/അനുബന്ധ തൊഴിലാളികൾക്കും 1350 രൂപയുടെ വാർഷിക സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

(ബി) തണൽ പദ്ധതി പ്രകാരം വലപ്പാട്, നാട്ടിക, തളിക്കുളം പഞ്ചായത്തുകളിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നിലവിലുള്ളതും ബയോമെട്രിക് കാർഡിന് വിവരശേഖരണം നൽകിയിട്ടുള്ളവരുമായവർക്ക് 1350 രൂപയുടെ സാമ്പത്തിക സഹായം ബാങ്ക് മുഖേന വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും താഴെപ്പറയുംപ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	പഞ്ചായത്തുകളുടെ പേര്	ഒന്നാംഘട്ടം		രണ്ടാംഘട്ടം	
		ഗുണഭോക്താക്കളുടെ എണ്ണം	തുക	ഗുണഭോക്താക്കളുടെ എണ്ണം	തുക
1	നാട്ടിക	580	783000	580	783000
2	തളിക്കുളം	190	256500	190	256500
3	വലപ്പാട്	19	25650	19	25650
	ആകെ	789	1065150	789	1065150

LIBRARY ARCHIVES Kerala Legislative Assembly